LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയിൽ ആശങ്കപ്പെടേണ്ടതായ കാര്യങ്ങൾ നിലവിലില്ല.

(ബി) അധിക വിഭവ സമാഹരണത്തിനായി നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും, അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും, നികുതി കുടിശ്ശികപിരിച്ചെടുക്കുന്നതിന് ഊർജ്ജിത നടപടികൾ കൈക്കൊള്ളുക വഴിയും, സംസ്ഥാനത്തിന്റെ സാമ്പത്തികനില ഭദ്രമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളുടെ ബാങ്ക് നിക്ഷേപം

146 (2384) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാന്റ് ഇൻ എയ്ഡ്, പദ്ധതി നടത്തിപ്പിനുള്ള സഹായം എന്നീ ഇനങ്ങളിൽ സർക്കാർ നിയന്ത്രണത്തിലുള്ള സൊസൈറ്റികൾ കോർപ്പറേഷനുകൾ, ബോർഡുകൾ എന്നിവയ്ക്ക് ഈ സാമ്പത്തിക വർഷം അനുവദിച്ച് നൽകിയ പണം പ്രസ്തുത സ്ഥാപനങ്ങൾ ട്രഷറിയിൽ നിന്നും പിൻവലിച്ച് ബാങ്കുകളിൽ നിക്ഷേപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരം സ്ഥാപനങ്ങളുടെയും പണം നിക്ഷേപിക്കപ്പെട്ട ധനകാര്യ സ്ഥാപനങ്ങളുടെയും നിക്ഷേപത്തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പദ്ധതി തുകകൾ ബാങ്കിൽ നിക്ഷേപിക്കുന്ന സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾക്ക് ആയതിന്റെ പലിശ തുക സർക്കാരിന്റെ റവന്യൂ ശീർഷകത്തിൽ ഒടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇല്ലാത്തപക്ഷം ആയതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ക്ഷേമനിധി ബോർഡുകൾക്കും പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ നൽകുന്ന ഫണ്ടുകൾ ട്രഷറിയിൽതന്നെ നിക്ഷേപിക്കണമെന്ന് സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ട്, ട്രഷറിയിലെ പലിശയേക്കാൾ കൂടുതൽ ലഭിക്കുന്ന സാഹചര്യത്തിൽ മാത്രമേ ബാങ്കുകളിൽ

നിക്ഷേപിക്കാവൂ എന്നും നിർദ്ദേശം പുറപ്പെടവിച്ചിട്ടുണ്ട്. ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള സർക്കാർ ധനസഹായങ്ങളും ഫണ്ടുകളും തിരികെ ട്രഷറിയിൽ നിക്ഷേപിക്കണമെന്ന കർശന നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. (27-3-2014 തീയതിയിലെ സർക്കുലർ നമ്പർ 31/2014/ധന.). ഈ സാമ്പത്തിക വർഷം അനുവദിച്ചു നൽകിയ പണം ട്രഷറിയിൽനിന്നും പിൻവലിച്ച് ബാങ്കുകളിൽ നിക്ഷേപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാങ്ക് നിക്ഷേപത്തിൻമേൽ പലിശ ലഭിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യങ്ങളിലെല്ലാം അത് സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത കുടിശ്ശിക

147 (2385) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്ക് നിലവിൽ ക്ഷാമബത്ത കുടിശ്ശികയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് എപ്പോൾ കൊടുത്തു തീർക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ ജീവനക്കാർക്ക് 1-7-2014 പ്രാബല്യത്തിൽ അനുവദിച്ച 7% ക്ഷാമബത്തയ്ക്ക് അനുബന്ധമായി സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 1-7-2014 മുതൽ അർഹതപ്പെട്ട ഒരു ഗഡു ക്ഷാമബത്ത കുടിശ്ശികയായിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

കുടിശ്ശികയായ സർക്കാർ ബാദ്ധ്യതകൾ

148 (2386) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സഹകരണബാങ്കിനും ഇതര സഹകരണ ബാങ്കുകൾക്കും കൊടുത്തു തീർക്കാനുള്ള കുടിശ്ശികയും കൺസ്യൂമർ ഫെഡറേഷന് കൊടുത്തു തീർക്കാനുള്ള സബ്സിഡി കുടിശ്ശികയും ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം എത്ര വീതമാണെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly